# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3129 — 15.02.2013 ൽ – മറുപടിക്ക്

## പുതിയ റേഷൻ കാർഡ് ലഭിക്കുവാൻ ഹാജരാക്കേണ്ട രേഖകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പുതിയതായി റേഷൻ കാർഡ് ലഭിക്കുവാൻ, ഏതെല്ലാം രേഖകൾ ഹാജരാക്കേണ്ടതായിട്ടുണ്ട്, വ്യക്തമാക്കാമോ; | (എ) പുതിയതായി റേഷൻകാർഡു ലഭിയ്ക്കുന്നതിന് വില്ലേജാഫീസറിൽ നിന്നുമുള്ള വരുമാന സർട്ടിഫിക്കറ്റ് പഞ്ചായത്ത്/ കോർപ്പറേഷനിൽ നിന്നുള്ള താമസ സർട്ടിഫിക്കറ്റ് എന്നിവ നിശ്ചിത അപേക്ഷാ ഫോറത്തിൽ പൂരിപ്പിച്ച് താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ഓഫീസർക്ക് നൽകേണ്ടതാണ്. മറ്റു താലൂക്കുകളിൽ നിന്നും താമസം മാറി വരുന്നവർ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസറിൽ നിന്നുള്ള സറണ്ടർ സർട്ടിഫിക്കറ്റ്, റിഡക്ഷൻ സർട്ടിഫിക്കറ്റ് എന്നിവയോ അതേ താലൂക്കിലെ റേഷൻ കാർഡിൽ പേരുള്ള അപേക്ഷകനാണെങ്കിൽ പേരുള്ള റേഷൻ കാർഡും കാർഡുടമയുടെ സമ്മതപത്രവും ഹാജരാക്കേണ്ടതാണ്. ഒരിടത്തും പേരില്ലായെങ്കിൽ എം.എൽ.എ., എം.പി., പഞ്ചായത്ത് / മുനിസിപ്പൽ / കോർപ്പറേഷൻ തുടങ്ങിയവയുടെ അദ്ധ്യക്ഷൻ എന്നിവരുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| (ബി) നിലവിലുള്ള റേഷൻ കാർഡിൽ പുതിയതായി പേര് ചേർക്കുവാൻ ഏതെല്ലാം രേഖകൾ ഹാജരാക്കേണ്ടതുണ്ട് ; വിശദമാക്കാമോ ; | (ബി) റിഡക്ഷൻ/നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റും കുട്ടികൾക്ക് ജനന സർട്ടിഫിക്കറ്റും ആണ് നിലവിലുള്ള റേഷൻകാർഡിൽ പുതിയതായി പേര് ചേർക്കുന്നതിനു വേണ്ട രേഖകൾ. നിലവിൽ ഒരു കാർഡിലും പേരില്ലായെങ്കിൽ സ്ഥലം എം.എൽ.എ., എം.പി. സ്ഥലം മുനിസിപ്പൽ ചെയർമാൻ, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| (സി) പ്രസ്തുത ആവശ്യത്തിനു വേണ്ട അപേക്ഷകൾ എവിടെയാണ് ഹാജരാക്കേണ്ടത് ; വ്യക്തമാക്കാമോ ? | (സി) ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസ് / സിറ്റി റേഷനിംഗ് ഓഫീസ്. |

സെക്ഷൻ ഓഫീസർ